(ഇ) ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ പ്രത്യേക സിൻഡിക്കേറ്റ് യോഗം കൂടാമെന്ന് വി.സി. സമ്മതിച്ചിരുന്നുവോ;

(എഫ്) എങ്കിൽ അപ്രകാരം പ്രത്യേക സിൻഡിക്കേറ്റ് യോഗം ചേർന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അധികാരം ചാൻസലർക്കാണ് ഉള്ളത്. വി.സി.-യും സിൻഡിക്കേറ്റും പ്രത്യേകം ലിസ്റ്റുകൾ ചാൻസലർക്ക് നൽകിയിരുന്നു. ലിസ്റ്റ് ആര് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

(ഇ) 10-7-2003-ലെ സിൻഡിക്കേറ്റ് യോഗം പ്രത്യേക യോഗം ചേരാൻ തീരുമാനിച്ചിരുന്നു.

(എഫ്) 7-8-2003-ൽ പ്രത്യേക സിൻഡിക്കേറ്റ് യോഗം ചേരുകയും കണ്ണൂർ സർവ്വകലാശാലാ നിയമം 1996-ലെ 30(3) വകുപ്പും, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1998-ലെ 13-ാം അദ്ധ്യായത്തിലെ 3-ാം സ്റ്റാറ്റ്യൂട്ടും തമ്മിലുള്ള വൈരുദ്ധ്യത്തിന് പരിഹാരം കാണാൻ ചാൻസലറോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

കണ്ണൂർ സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നതിന് നടത്തിയ പരീക്ഷ

119 [5791] ശ്രീ. പി. ടി. തോമസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
.. ജി. പ്രതാപവർമ്മ തമ്പാൻ:
.. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നതിനുള്ള ടെസ്റ്റ് നടത്തിയതെന്നാണ്;

(ബി) ഈ ടെസ്റ്റിന്റെ ഉത്തരക്കടലാസ്സിന്റെ മൂല്യനിർണ്ണയം നടത്തുവാൻ ആരെല്ലാമാണ് നിയോഗിക്കപ്പെട്ടത്?

ഉത്തരം

(എ) 27-4-2003-ൽ

(ബി) അംഗീകൃത പരീക്ഷാ പാനലിലെ 23 അദ്ധ്യാപകരെ മൂല്യനിർണ്ണയം നടത്തുവാൻ നിയോഗിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം ആരംഭിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly